## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3731** **11/11/2019-ലെ മറുപടിക്ക്**

### അന്തർസംസ്ഥാന നദീജല വിഷയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) അന്തർസംസ്ഥാന നദീ ജല വിഷയത്തിൽ 2019 സെപ്തംബർ 25 ന് നടന്ന മുഖ്യമന്ത്രിതല ചർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25/09/2019 ന് തിരുവനന്തപുരത്ത് ചേർന്ന മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പി.എ.പി കരാർ പുനരവലോകനം , പറമ്പിക്കുളം ആളിയാർ കരാർ ലംഘനം , തമിഴ്നാട് ഉന്നയിക്കുന്ന ആനമലയാർ, നീരാർ നല്ലാർ ഡൈവേർഷനുകൾ, പാണ്ടിയാർ-പുന്നപ്പുഴ പദ്ധതി കൂടാതെ പറമ്പിക്കുളം-ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിന് കൈമാറേണ്ട കെട്ടിടങ്ങൾ , ജെ.ഡബ്ല്യൂ.ആർ ബോർഡ് ശാക്തീകരണം എന്നീ വിഷയങ്ങളാണ് പ്രധാനമായും പരിഗണിച്ചത്. പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) പറമ്പിക്കുളം- ആളിയാർ കരാർ പുനരവലോകനം ചെയ്യാൻ തീരുമാനിച്ചു. ഇതിനായി ഇരു സംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ , ഓരോ സംസ്ഥാന ത്തിലേയും അഞ്ച് അംഗങ്ങൾ വീതമുള്ള ഒരു പത്തംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഈ കമ്മിറ്റി താഴെപ്പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കുന്നതാണ്.<br>i) ആനമലയാർ വഴി 2.5 ടി.എം.സി വെള്ളം നൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം.<br>ii) പറമ്പിക്കുളം-ആളിയാർ വ്യൂഹത്തിലെ നീരാർ-നല്ലാർ ഡൈവേർഷൻ.<br>iii) മണക്കടവ് വിയറിൽ നിന്നും കേരളത്തിന് നൽകുന്ന വെള്ളത്തിന്റെ അളവിലും ചിറ്റൂർപ്പുഴ പ്രദേശത്ത് നിന്നും കേരളത്തിന് നൽകുന്ന 2.5 ടി.എം.സി വെള്ളത്തിന്റെ അളവിലുമുള്ള കുറവ് സംബന്ധിച്ച കാര്യങ്ങൾ<br>2) ചാലിയാർ പുഴയുടെ രണ്ട് കൈവഴികൾ |

| | | |
|---|---|---|
| | | ഉൾപ്പെടുന്ന പാണ്ടിയാർ-പുന്നപ്പുഴ പ്രൊപ്പോസലിനെക്കുറിച്ച് പഠിക്കുന്നതിന് കേരളത്തിന്റെ KSEBL, തമിഴ്നാടിന്റെ TANGEDCO എന്നിവയിൽ നിന്നുള്ള വിദഗ്ദർ ഉൾപ്പെടുന്ന ഒരു പ്രത്യേക അഞ്ചംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.<br>3) കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് വിലയിരുത്തുന്നതിന് രണ്ട് സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ആറ് മാസം ഇടവിട്ട് തിരുവനന്തപുരത്തും ചെന്നൈയിലും യോഗം ചേരാൻ തീരുമാനിച്ചു. |
| ബി)പ്രസ്തുത വിഷയത്തിൽ സംസ്ഥാനം ഉയർത്തുന്ന പ്രധാന വാദമുഖങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | ബി) | അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25/09/2019 ന് തിരുവനന്തപുരത്ത് ചേർന്ന കേരള തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പി.എ.പി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നും കരാറിലെ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയുണ്ടായി. മണക്കടവ് വിയറിൽ നിന്നും കേരളത്തിന് നൽകുന്ന ജലത്തിന്റെ അളവിലും , ചിറ്റൂർ പുഴ പ്രദേശത്തു നിന്നു കേരളത്തിൽ ലഭ്യമാകേണ്ട ജലത്തിന്റെ അളവിലുള്ള കുറവ് സംബന്ധിച്ച കാര്യവും കേരളം ഉന്നയിക്കുകയുണ്ടായി. പി.എ.പി കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തമിഴ്നാടിന്റെ അനധികൃത നിർമ്മിതികളിലൂടെയും ഡൈവേർഷനുകളിലൂടെയും കേരളത്തിന് അർഹതപ്പെട്ട ഉപയോഗിക്കപ്പെടാത്ത Flood Waters നഷ്ടപ്പെട്ടതായും ഇത് മൂലം നദികളുടെ ഇക്കോസിസ്റ്റത്തിനു നാശം ഉണ്ടായതായും തമിഴ്ട്ടിനെ അറിയിച്ചു. കൂടാതെ പറമ്പിക്കുളം സിസ്റ്റത്തിൽ നിന്ന് കരാർ പ്രകാരം കേരളത്തിനു ലഭ്യമാകുന്ന 2.5 ടി.എം.സി ജലം ഇതു വരെയും ലഭിച്ചിട്ടില്ല എന്നും യഥാർത്ഥ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പത്തുവർഷത്തിനു ശേഷം പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ threshold revise ചെയ്യാൻ കരാറിൽ അനുമതി നൽകിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് യാതൊരു നടപടിയും എടുത്തിട്ടില്ല എന്നും കേരളം ചർച്ചയിൽ വാദിക്കുകയുണ്ടായി. |

ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിന്റെ ശാക്തീകരണം , പി.എ.പിയിൽ ഉൾപ്പെടുന്ന തമിഴ്നാടിന്റെ കൈവശമുള്ള കെട്ടിടങ്ങളും ഭൂമിയും കേരളത്തിന് കൈമാറാനുള്ള നടപടികൾ എടുക്കുക, കാവേരി നദീജലതർക്ക പരിഹാര ട്രൈബ്യൂണൽ വിധി പ്രകാരം കേരളത്തിനു അനുവദിച്ച അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്റ്റിന്മേൽ തമിഴ്നാടിന്റെ എതിർപ്പ് പിൻവലിക്കുക, മുല്ലപ്പെരിയാറിന്റെ Catchment ആയ തേക്കടിയിൽ കേരള വനം വകുപ്പ് നിർമ്മിക്കുന്ന മെഗാ കാർപാർക്കിംഗ് വിഷയത്തിൽ പ്രകടിപ്പിച്ചിരുന്ന എതിർപ്പ് തമിഴ്നാട് പുന:പരിശോധിക്കുക എന്നീ വിഷയങ്ങൾ കേരളം പ്രസ്തുത ചർച്ചയിൽ തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. NWDA യുടെ പദ്ധതിയും തമിഴ്നാടിന് താൽപര്യമുള്ളതുമായ പമ്പാ-അച്ചൻകോവിൽ വൈപ്പാർ നദീ സംയോജന പദ്ധതിക്കെതിരെയുള്ള എതിർപ്പും, ചെമ്പകവല്ലി വിയറിന്റെ നിർമ്മാണം അനധികൃതമാണെന്നും ഇതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇടുക്കി ഡാമിലേയ്ക്കുള്ള ഒഴുക്ക് കുറയ്ക്കുമെന്നും ആയതിനാൽ വിയറിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അംഗീകരിക്കാൻ സാധിക്കുകയില്ല എന്നും കേരളം അറിയിച്ചു. നിർദ്ദിഷ്ട പാണ്ടിയാർ-പുന്നപ്പുഴ ജലവൈദ്യുതി പദ്ധതിയിൽ കേരളത്തിന്റെ ജലവിഹിതം , വൈദ്യുതി വിഹിതം , എന്നിവ ഗുണകരമായി ലഭ്യമാക്കുമോ എന്ന് വിശദമായി പരിശോധിച്ചതിന് ശേഷമേ നടപടികളെടുക്കാൻ നിർവ്വാഹമുള്ളൂ എന്ന് കേരളം തമിഴ്നാടിനെ അറിയിക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**